**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **14-10-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ: 537/2022 പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ഏഴുമാസം മാത്രം കാലാവധി ശേഷിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ നിയമനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 01/06/2024 വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ വരുന്ന ഒഴിവുകൾ കൃത്യമായി അവലോകനം ചെയ്യുകയും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതാണ്. 02/06/2024 മുതൽ 01/06/2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യത ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് മുൻകൂറായി നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു വേണ്ടി തത്തുല്യമായ എണ്ണം താത്കാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താൽകാലിക പരിശീലന തസ്തികകൾക്കായുള്ള അനുമതി നൽകുന്ന മുറയ്ക്ക് അർഹമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ബറ്റാലിയനുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കനുസരിച്ച് ട്രെയിനിംഗ് ആരംഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ